12. സ്ഥലം ഏറ്റെടുക്കൽ

ശ്രീ. കെ. ദാസൻ : സർ, കൊയിലാണ്ടി-ബാലുശ്ശേരി നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർകടവ് പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതിനാൽ പദ്ധതി നടക്കാതെ പോകുമോയെന്ന ആശങ്കയിലാണ് ജനങ്ങൾ. പാലത്തിന്റെ സ്ഥലം ഏറ്റെടുക്കലിന് റവന്യൂ എൽ.എ. വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നതാണ്. അതിന് അംഗീകാരം ലഭിക്കാത്തതും ഫണ്ട് അനുവദിക്കാത്തതും സംബന്ധിച്ച് നിരവധിതവണ സർക്കാരിൽ ബോധിപ്പിച്ചിട്ടുള്ളതാണ്. പാലത്തിന്റെ അപ്രോച്ച്റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി കൊയിലാണ്ടി എൽ.എ. വിഭാഗം തഹസീൽദാർ 29-12-2014-ൽ വിശദമായ എസ്റ്റിമേറ്റ് കുറിപ്പ് സഹിതം പി.ഡബ്ല്യു.ഡി. റോഡ്സ് ആന്റ് ബ്രിഡ്ജസ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ധനകാര്യ വിഭാഗം തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തതാണ്. പക്ഷെ 27-3-2015-ൽ ഇത് ഡിനോവയായി മാറിയിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ പാലം നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കൊയിലാണ്ടി-ബാലുശ്ശേരി മണ്ഡലങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഈ പദ്ധതിയുടെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള ഇടപെടൽ ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ഉള്ളൂർകടവ് പാലത്തിന്റെ നിർമ്മാണത്തിനായി 2009-ൽ 8.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും ആവശ്യമായ ഭൂമി ലഭ്യമാകാതിരുന്നതിനാൽ പണി ആരംഭിക്കാൻ കഴിഞ്ഞില്ല. ഇതിനായി ചേങ്ങോട്ടുകാവ് വില്ലേജിലെ 27.2 ആർ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ച് 218 ലക്ഷം രൂപ അനുവദിക്കുന്നതിന് റവന്യൂ വകുപ്പ് 27-12-2014-ൽ ഉത്തരവായെങ്കിലും ലെറ്റർ ഓഫ് ക്രെഡിറ്റിനായി ധനകാര്യ വകുപ്പിനെ സമീപിച്ചപ്പോൾ സ്ഥലം ഏറ്റെടുക്കൽ വിജ്ഞാപനം ഡിനോവയായ സാഹചര്യത്തിൽ ഫണ്ട് അനുവദിച്ചില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപോലെ നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിനും പുതുക്കിയ ഭരണാനുമതിനൽകി പാലം നിർമ്മാണം ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly